# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)908/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/12/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷ്ണർ,എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)908/2020 തീയ്യതി: 04/12/2021

## എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-08-2019 മുതൽ 08-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 15-07-2020 | 24-07-2020 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2020 | 24-07-2020 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീമതി റസിയബീവി ജെ,ഓഡിറ്റ് ഓഫീസർ,
2. ശ്രീ ഹരീഷ് ബാബു എൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
3. ശ്രീമതി ബബിത ബി കുമാർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജയ സോമൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ഗൌതമൻ ടി സത്യപാൽ | സെക്രട്ടറി | 01-04-2019 | 13-05-2019 |
| ശ്രീമതി സുജാത കെ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-05-2019 | 23-05-2019 |
| ശ്രീ ഗൌതമൻ ടി സത്യപാൽ | സെക്രട്ടറി | 24-05-2019 | 19-12-2019 |
| ശ്രീമതി സുജാത കെ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-12-2019 | 09-01-2020 |
| ശ്രീ ഗൌതമൻ ടി സത്യപാൽ | സെക്രട്ടറി | 10-01-2020 | 02-02-2020 |
| ശ്രീമതി സുജാത കെ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2020 | 22-02-2020 |
| ശ്രീ ഗൌതമൻ ടി സത്യപാൽ | സെക്രട്ടറി | 23-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സന്തോഷ്കുമാർ എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിജി തോമസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 16-05-2019 |
| ശ്രീ സതീഷ്കുമാർ എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ(ചാർജ്ജ്) | 17-05-2019 | 28-05-2019 |
| ശ്രീമതി ഇന്ദു നായർ പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 29-05-2019 | 31-03-2020 |
| ശ്രീമതി ചിത്ര പി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി നിഷ വി ഷെറീഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| | | 01-04- | 26-07- |

| | | | |
|---|---|---|---|
| ശ്രീമതി നമിത കെ പി | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്ട് ഓഫീസർ | 2019 | 2019 |
| ശ്രീമതി വത്സല പി എം | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്ട് ഓഫീസർ | 27-07-2019 | 31-03-2020 |
| ശ്രീ വിനോദ്കുമാർ എ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ ഷാജി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,മുളന്തുരുത്തി) | 01-04-2019 | 31-03-2020 |
| ഡോ സീന എൻ എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,കീച്ചരി) | 01-04-2019 | 31-03-2020 |
| ഡോ സുധ എ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,പൂത്തോട്ട) | 01-04-2019 | 31-03-2020 |
| ഡോ സുമൻ പി ഐസക്ക് | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 12-01-2020 |
| ഡോ രഞ്ജു ആന്റണി | സീനിയർ വെറ്ററിനറി സർജൻ | 13-01-2020 | 31-03-2020 |
| ശ്രീ ബാലകൃഷ്ണൻ പി കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-9 |
| 10 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-10 |
| 11 | കെട്ടിടവാടക ഈടാക്കുന്നതിലെ അനാസ്ഥ തുടരുന്നു<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-11 |
| 12 | സി.എച്ച്.സി. ക്വാർട്ടേഴ്സ് വാടക ലഭിക്കുന്നില്ല<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-12 |
| 13 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-13 |
| 14 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ധനവിനിയോഗവിവരം ലഭ്യമല്ല<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-14 |
| 15 | കമ്മ്യൂണിറ്റി ഹാളിൽ ഉപകരണങ്ങൾ വാങ്ങൽ -അപാകത<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-15 |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-16 |

| | | |
|---|---|---|
| 17 | ബഡ്സ് സ്കൂളുകളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങിയത്-വിതരണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-17 |
| 18 | ബഡ്സ് സ്കൂളുകളിലേയ്ക്ക് കംപ്യൂട്ടർ, പ്രിന്ററർ ലഭ്യമായിട്ടില്ല<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-18 |
| 19 | സൗരോർജനിലയം - ബാക്കി തുക ജില്ലാപഞ്ചായത്തിലേക്ക് അടവാക്കിയിട്ടില്ല<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-19 |
| 20 | കേന്ദ്രഫണ്ടിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-20 |
| 21 | ഐ.എ.വൈ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക - തുടർനടപടികൾ സ്വീകരിക്കണം<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 03-12-2021) | 1-21 |
| **ഭാഗം 2** | | |
| 1 | വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 2-1 |
| **ഭാഗം 3** | | |
| 1 | ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Ressiya Beevi J (Audit Officer) | 4-8 |

| | | |
|---|---|---|
| | Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ressiya Beevi J (Audit Officer)<br>Last Updated By: Ressiya Beevi J (Audit Officer, On 04-12-2021) | 4-11 |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

16.02.2019ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.06.2020 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29483849 |
| വരവ് | 41417224 |
| ആകെ | 70901073 |
| ചെലവ് | 57350850 |
| നീക്കിയിരിപ്പ് | 13550223 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ സഞ്ചിത നിധിയിലക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 30301000 | 30301000 | 18455427 | 11845573 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14511000 | 14511000 | 9602195 | 4908805 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 404000 | 404000 | 319000 | 85000 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3963000 | 3963000 | 2960130 | 1002870 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| 1.ദാരിദ്ര്യനിർമ്മാർജ്ജനം | 12110 | 215 | 12325 | 12325 | 0 |
| 2.ടോട്ടൽ സാനിട്ടേഷൻ | 787690 | 19693 | 807383 | 800497 | 6886 |
| 3.ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം | 5667317 | 548826 | 6216143 | 6179600 | 36543 |
| 4.ഐ.സി.ഡി.എസ്. | 796011 | 25247 | 821258 | 0 | 821258 |
| 5.മഹിള കിസാൻ ശാക്തീകരൺ പരിയോചന | 25 | 1 | 26 | 26 | 0 |
| നബാർഡ് സഹായം | 2410380 | 0 | 2410380 | 0 | 2410380 |
| നിർമൽ പുരസ്കാരം | 2069251 | 71795 | 2141046 | 244806 | 1896240 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 6589251 | 4493000 | 11082251 | 3733276 | 7348975 |
| **ജോയിന്റ് വെഞ്ചർ അക്കൗണ്ട്** | | | | | |
| 1.ഗ്രാമ പഞ്ചായത്ത് | 82500 | 420000 | 502500 | 459320 | 43180 |
| 3.ജില്ലാ പഞ്ചായത്ത് | - | 1500000 | 1500000 | 1255000 | 245000 |
| **തനത് ഫണ്ട്** | | | | | |
| 1.ബാങ്ക്(എസ്.ബി.ഐ മിസ്സേലനിയസ്) | 504559 | 281292 | 785851 | 275041 | 510810 |
| 2.ഐ.എ.വൈ സ്റ്റേറ്റ് യു.ബി.ഐ | 27635 | 1034 | 28669 | 28669 | 0 |
| 3.ഐ.എ.വൈ പ്ലാൻ(യു.ബി.ഐ) | 1052260 (ജില്ലാ.പ-10485325, ഗ്രാമ.പ-37295) | 382596 ജില്ലാ.പ-88516, ബ്ലോക്ക്.പ-294080) | 10905216 | 10688765 (ജില്ലാ.പ-10357390, ബ്ലോക്ക്.പ-294080, ഗ്രാമ.പ-37295) | 216451 |
| 4.ഡി.സി.ബി ലോൺ അക്കൌണ്ട് | 14500 | 0 | 14500 | 0 | 14500 |
| 5.യു.ബി.ഐ-ഐ.എ.വൈ,അഡ്മിൻ | 12110 | 0 | 12110 | 12110 (11263+847) | 0 |

| | | | | | |
|---|---|---|---|---|---|
| 6.ട്രഷറി | 6589251 | 6829989 | 13419240 | 6070265 | 7348975 |
| ആകെ | 29483849 | 59259472 | 88743321 | 57350850 | 31392471 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 118 | 71611936 | 78 | 32904749 | 38 | 2 | 66% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)എസ്.0003/20 പദ്ധതി മോണിട്ടറിംഗ്.

2)എസ്.0045/19 എം.ആർ.എഫ് ദിവസ വേതനം അഞ്ച് ദിവസത്തേക്ക്(വി.ജി.എഫ്).

ഗ്രാന്റ് ഇൻ എയ്ഡ് - അലോട്ട്മെന്റ് പൂർണ്ണമായും വിനിയോഗിച്ചില്ല.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 30301000/- | 18455427/- | 61% |
| വികസന ഫണ്ട് (എസ്.സി.പി) | 14511000/- | 9602195/- | 66% |
| വികസന ഫണ്ട് (ടി.എസ്.പി) | 404000/- | 319000/- | 79% |
| ആകെ | 45216000/- | 33357210/- | 74% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3963000/- | 2960130/- | 75% |

. പദ്ധതി നിർവ്വഹണത്തിനായി ലഭ്യമായ വികസനഫണ്ടിന്റെ 26% തുകയും സംരക്ഷണ ഗ്രാന്റിന്റെ 25% തുകയും ബ്ലോക്ക് പഞ്ചായത്തിന് ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാനായില്ല.

മറ്റ് സ്ഥാപനങ്ങൾക്ക് തുക കൈമാറിയുള്ള പ്രോജക്ട് നിർവ്വഹണം.

. ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായുള്ള തനത് പ്രോജക്ടുകൾ ഏറ്റെടുക്കാതെ മറ്റ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് തുക കൈമാറുന്ന രീതിയിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുകയാണ് പ്രധാനമായും ചെയ്യുന്നത്. കൈമാറുന്ന തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വാങ്ങുന്നില്ല. ആയതു കാരണം തുക വിനിയോഗിക്കപ്പെട്ടതിന്റെ ഭൗതിക നേട്ടങ്ങൾ ഒന്നും തന്നെ മോണിട്ടർ ചെയ്യപ്പെടുന്നില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2020 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഈ ദിവസം ക്യാഷായി വരവൊന്നും വന്നിട്ടില്ല.

## 1-8 ആഭ്യന്തരനിയന്ത്രണം

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം യോഗതീരുമാനങ്ങളും യോഗനടപടി ക്രമവും രേഖപ്പെടുത്തുന്നതിന് സകർമ്മ യഥാവിധി ഉപയോഗപ്പെടുത്തേണ്ടതാണ്. കൃത്യമായി ബൈന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

**ക്യാഷ് ബുക്ക്**

സി.ഡി.പി.ഒ,വെറ്ററിനറി സർജൻ എന്നീ നിർവ്വഹണോദ്യോഗസ്ഥർ TR 7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്.

**പ്രോജക്ട്- മോണിട്ടറിങ്ങ്**

. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിങ്ങ് സമിതിവിലയിരുത്തേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.12.2019 മുതൽ 19.12.2019 വരെ | 2018-19 | 13.03.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2014 മുതൽ 01.03.2014 വരെ | 2009-10 – 2012-13 | 21.05.2014 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

1. റസീപ്റ്റ്& പേമെന്റ് ഷെഡ്യൂൾ RP-34 ൽ Deposits Received എന്ന ഹെഡ്ഡിലെ തുകകൾ ബ്ലോക്ക് പഞ്ചായത്തിലെ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. പണമായി ലഭിച്ചിട്ടുള്ള തുക മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 ചേർത്തിട്ടുള്ള ഈയിനത്തിലെ ബാദ്ധ്യതയും പണമായി ലഭിച്ച നിക്ഷേപത്തിന്റേത് മാത്രമാണ്.
2. അഡ്വാൻസ്, ഡെപ്പോസിറ്റ്, വായ്പ രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കുന്നില്ല.

3. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

4. ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ, രജിസ്റ്ററുകൾ പ്രകാരം 14500/- രൂപയുടെ നിലവിലില്ലാത്ത ബാദ്ധ്യത തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു അതുപോലെ ടി ഷെഡ്യൂളുകളിൽ 67070/- രൂപ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

5. ഇ-ടെണ്ടർ ഫോമിന്റെ വില കൃത്യമായി ഡിമാന്റ് ചെയ്യപ്പെടാത്തതിനാൽ ടി ഇനത്തിൽ ഇനിയും കിട്ടേണ്ടുന്ന തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി കാണുന്നില്ല.

6. കെട്ടിട വാടക(Current,Arrears)ഡിമാന്റ്(B15 2018-19, I-3), 2019-20 ലെ കളക്ഷൻ (RP43), ബാലൻസ്(B15)തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വാർഷിക ധനകാര്യ പത്രിക പ്രകാരം(2019-20) | | രജിസ്റ്റർ പ്രകാരം | |
|---|---|---|---|---|
| | Arrears | Current | Arrears | Current |
| ഡിമാന്റ് | 176543 | 787386 | 0 | 756961 |
| കളക്ഷൻ | 298498 | 235467 | 390068 | 241358 |
| ബാലൻസ് | 80921 | 551919 | 0 | 515603 |

7. B-11ഷെഡ്യൂളിലെ Other Construction (410300399), Movable Assets - Furnitures, Fittings & Electrical Appliances എന്നീ ആസ്തികളുടെ ബാലൻസ് മുൻവർഷ ബാക്കിയും (B-11 2018-19), 2019-20 ലെ Addition(RP-43)എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
8. ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിക്കായി എറണാകുളം ജില്ലാ സഹകരണബാങ്കിന്റെ മുളന്തുരുത്തി ശാഖയിൽ 014/ 08313/LN/794 -ാം നമ്പർ ലോൺ അക്കൗണ്ടിലേക്കുള്ള ഓഡിറ്റ് വർഷത്തെ തിരിച്ചടവ് വിവരമാണ് ചുവടെ ചേർത്തിട്ടുള്ളത്. ഇതിൽ പലിശയിനത്തിൽ അടവാക്കിയ 1487500/-രൂപ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| വായ്പ തുക | 3300000 |
| [illegible] | [illegible] |

| | |
|---|---|
| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 578000 |
| തൻവർഷം തിരിച്ചടച്ച തുക | |
| മുതൽ | 514500 |
| പലിശ | 1487500 |

## 1-11 കെട്ടിടവാടക ഈടാക്കുന്നതിലെ അനാസ്ഥ തുടരുന്നു

1) ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അരയങ്കാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, നടക്കാവ് എസ്.ജി.എസ്.വൈ കെട്ടിടം, മണീട് എസ്.ജി.എസ്.വൈ കെട്ടിടം എന്നിവയിലെ മുറികൾ (യഥാക്രമം 8,11,ഒരെണ്ണം വീതം )വാടകയ്ക്ക് നല്കിയിട്ടുണ്ട്. അരയങ്കാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും മണീട് എസ്.ജി.എസ്.വൈ കെട്ടിടത്തിലും ഏതാനും മുറികൾ വാടകയ്ക്ക് നല്കാതെ ഒഴിഞ്ഞുകിടക്കുന്നുണ്ട് .

2) അരയങ്കാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 2,3,4 എന്നീ നമ്പർ മുറികൾ ശ്രീമതി.ബെൻസി ബിജു എന്ന വ്യക്തിക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. 2-ാം നമ്പർ മുറിയുടെ വാടക ഓഡിറ്റ് വർഷം പിരിച്ചിട്ടില്ല. 3,4 നമ്പർ മുറികളുടെ 4/2019 ലെ വാടക മാത്രമാണ് പിരിച്ചിട്ടുള്ളത്.

3) അരയങ്കാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 6-ാം നമ്പർ മുറി ശ്രീമതി അന്നമ്മ മാത്യു എന്ന വ്യക്തിക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഈ മുറിയുടെ വാടക ലഭിച്ചിട്ടില്ല.

4) വാടക രജിസ്റ്ററിൽ ഓഡിറ്റ് വർഷത്തെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷികധനകാര്യപത്രികയിലെ പിരിക്കേണ്ട തുക,പിരിച്ച തുക, ലഭിക്കുവാൻ അവശേഷിക്കുന്ന തുക എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

5) മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വാടക സംബന്ധിച്ച് ബൈലോ പാസ്സാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് പരാമർശമുണ്ടായിരുന്നു. ഓഡിറ്റ് വർഷവും ബൈലോ നിലവിൽ വന്നിട്ടില്ല. കൃത്യമായ കമ്മിറ്റി തീരുമാനങ്ങൾ പോലുമില്ലാതെയാണ് ഇപ്പോഴും മുറികൾ വാടകയ്ക്ക് നല്കുന്നത്.

6) മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അരയങ്കാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിന്നും നടക്കാവ് എസ്.ജി.എസ്. വൈ കെട്ടിടത്തിൽ നിന്നും ലഭിക്കുവാനുള്ള കുടിശിക സംബന്ധിച്ചും നിയമപ്രകാരം വസൂലാക്കേണ്ട പിഴ ഈടാക്കാതിരുന്നത് സംബന്ധിച്ചും പരാമർശമുണ്ട്. ആയത് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല .

7) വാടക രജിസ്റ്റർ എഴുതുന്നതിലെ പോരായ്മകൾ കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നിലവിലും അവ പരിഹരിക്കപ്പെട്ടിട്ടില്ല.

മുകളിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8,21.07.20) ഹാജരാക്കിയ മറുപടിയിൽ അറിയിച്ച കാര്യങ്ങൾ താഴെ പറയുന്നു.

വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിക്കുന്ന മുറികൾ അടിയന്തിരമായി വാടകയ്ക്ക് നല്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മുൻ വർഷങ്ങളിൽ വാടക കുടിശിക വരുത്തിയവരോട് തുക അടയ്ക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. വാടക സംബന്ധിച്ച ബൈലോ പാസ്സാക്കി അംഗീകാരത്തിനായി സർക്കാരിലേക്ക് അറിയിച്ചിട്ടുണ്ട്. അരയൻകാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വാടക നല്കാതെ മുറി കൈവശം വെച്ചിരിക്കുന്ന വ്യക്തിയിൽ നിന്ന് വാടക അടയ്ക്കുന്നതിന് പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നിട്ടും ടിയാരിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ഇതുവരെ സ്വീകരിക്കാതിരുന്നത് ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. ഇതേ കെട്ടിടത്തിൽ വാടക തരാതെ മുറി കൈവശം വെച്ചിരിക്കുന്ന ശ്രീമതി.അന്നമ്മ മാത്യുവിനെ ഒഴിവാക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. വാടക രജിസ്റ്ററിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്റർ എഴുതുന്നതിലെ അപാകതകൾ നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല.

വാടകയിനത്തിൽ ലഭിക്കേണ്ട വലിയ തുക പിരിക്കുവാൻ ബാധ്യസ്ഥരായവരുടെ നിരുത്തരവാദപരമായ സമീപനം കാരണമാണ് ആയവ ലഭിക്കാതെ പോകുന്നത്. വാടകപിരിവ് വരും വർഷങ്ങളിൽ കാര്യക്ഷമമാക്കേണ്ടതും രേഖകൾ,രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിക്കേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-12 സി.എച്ച്.സി. ക്വാർട്ടേഴ്സ് വാടക ലഭിക്കുന്നില്ല

2019-20 വർഷം ബ്ലോക്ക്പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പൂത്തോട്ട,കീച്ചേരി സി.എച്ച്.സി. ക്വാർട്ടേഴ്സുകളുടെ വാടക ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ചിട്ടില്ല. മേൽ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരിൽ നിന്നും സ.ഉ.(അച്ചടി) 07/2016/ധന/ 20.1.2016 -ാം നമ്പർ ഉത്തരവിലെ ഖണ്ഡിക 15 പ്രകാരം 35700-75600 ഉം അതിൽ കൂടുതലും ശമ്പള നിരക്ക് ബാധകമായിട്ടുള്ള, സൗജന്യമായി ലഭിക്കുന്ന ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാർ അടിസ്ഥാന ശമ്പളത്തിന്റെ 2% തുക വാടകയായി അടവാക്കേണ്ടതുണ്ട്. കൂടാതെ ക്വാർട്ടേഴ്സ് ലഭ്യമായിട്ടുള്ള ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം വീട്ടുവാടക ബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. ക്വാർട്ടേഴ്സ് വാടക ലഭ്യമാവുന്നതിന് വേണ്ട നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കാതിരുന്നതിന്റെ വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.14/21.07.2020) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. സി.എച്ച്.സി. ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരിൽ നിന്നും വാടക ലഭിക്കുന്നതിനാവശ്യമായ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷത്തിൽ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണം മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറ്റം ചെയ്താണ് സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ കൈമാറ്റം ചെയ്ത തുകകൾ ലക്ഷ്യമിട്ട ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് മതിയായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ബിൽ നം. തീയതി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ 15,10 വാർഡുകളിൽ കാന നിർമ്മാണം തുക കൈമാറൽ(S0040/20) | 07/19-20,25.07.2019 | 500000 | അടങ്കൽ: 9 ലക്ഷം രൂപ വികസനഫണ്ട്. ഗ്രാമപഞ്ചായത്തിന് വിഹിതം നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 2 | മുടക്കിൽതാഴം-നീർക്കുഴി റോഡ് തുക കൈമാറൽ-മണീട് ഗ്രാമ.പ((S0055/20) | 06/19-20,30.07.2019 | 400000 | അടങ്കൽ: 5 ലക്ഷം രൂപ വികസനഫണ്ട്. ഗ്രാമപഞ്ചായത്തിന് വിഹിതം നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 3 | കൊളങ്ങായിപ്പടി-പെരിയപ്പടി റോഡ് നിർമ്മാണം-തുക കൈമാറൽ,മണീട് ഗ്രാമ.പ(S0062/20) | 2/19-20,25.07.20 | 500000 | അടങ്കൽ: 6 ലക്ഷം രൂപ വികസനഫണ്ട്. ഗ്രാമപഞ്ചായത്തിന് വിഹിതം നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 4 | വെട്ടിത്തറ-ചേരിക്കൻ കുഴി റോഡ് നിർമ്മാണം, മണീട് ഗ്രാമ.പ(S0065/20) | 14/19-20,17.08.19 | 1088649 | അടങ്കൽ: 1188649/-രൂപ വികസനഫണ്ട്. ഗ്രാമപഞ്ചായത്തിന് വിഹിതം നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 5 | നാഗപ്പടി എസ്.സി കോളനി കുടിവെള്ള പദ്ധതി,ചോറ്റാനിക്കര ഗ്രാമ.പ(S0066/20) | 4/19-20,25.07.2019 | 400000 | അടങ്കൽ: 5 ലക്ഷം രൂപ വികസനഫണ്ട്. ഗ്രാമപഞ്ചായത്തിന് വിഹിതം നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 6 | നാഗപ്പടി എസ്.സി കോളനി സമഗ്ര വികസനം,ചോറ്റാനിക്കര ഗ്രാമ.പ(S0070/20) | 05/19-20,25.07.2019 | 400000 | അടങ്കൽ: 5 ലക്ഷം രൂപ വികസനഫണ്ട്. ഗ്രാമപഞ്ചായത്തിന് വിഹിതം നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 7 | ചോറ്റാനിക്കര-വെള്ളിക്കുളം എം.എൽ.എ റോഡ് തുക | 17/19-20,16.08.2019 | 400000 | അടങ്കൽ: 8 ലക്ഷം രൂപ വികസനഫണ്ട്. |

| | | | | |
|---|---|---|---|---|
| | കൈമാറൽ,ചോറ്റാനിക്കര ഗ്രാമ.പ(S0086/20) | | | ഗ്രാമപഞ്ചായത്തിന് വിഹിതം നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 8 | പാമ്പ്ര കോളനി സമഗ്ര വികസനം-മണീട് ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ(S0087/20) | 08/19-20,30.07.2019 | 500000 | അടങ്കൽ: 550000/-രൂപ വികസനഫണ്ട്. ഗ്രാമപഞ്ചായത്തിന് വിഹിതം നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| | **ആകെ** | | **4188649** | |

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.4/17.07.2020)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി 4188649/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-14 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ധനവിനിയോഗവിവരം ലഭ്യമല്ല

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷം സെക്രട്ടറി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം & എസ്.സി.പി) പ്രോജക്ട് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകി ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. കൂടാതെ പട്ടികജാതി വിഭാഗക്കാർക്കായി നൽകിയിട്ടുള്ള ധനസഹായം പ്രത്യേക ഘടകപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തന്നെ വിതരണം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുതകുന്ന രേഖകളൊന്നും ലഭ്യമാക്കിയില്ല. തുക കൈമാറിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| **1. പ്രോജക്ട് നം. എസ്.0004/20 ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം)** | | |
|---|---|---|
| ബിൽ നം. | **തുക കൈപ്പറ്റിയ വിവരം** | |
| | ഗ്രാമപഞ്ചായത്ത് | തുക |
| 18/19-20/16.08.2019 | ചോറ്റാനിക്കര | 40000 |
| | ഉദയംപേരൂർ | 120000 |
| | മുളന്തുരുത്തി | 120000 |
| 15/19-20/16.08.2019 | ആമ്പല്ലൂർ | 1000000 |
| 22/19-20/29.08.2019 | മണീട് | 1000000 |
| | ചോറ്റാനിക്കര | 1000000 |
| | മുളന്തുരുത്തി | 1000000 |
| 24/19-20/27.09.2019 | എടക്കാട്ടുവയൽ | 1000000 |
| **ആകെ** | | **5280000** |
| **2. പ്രോജക്ട് നം. എസ്.0005/20 ലൈഫ് ഭവന പദ്ധതി (എസ്.സി.പി)** | | |
| 16/19-20/16.08.2019 | ആമ്പല്ലൂർ | 800000 |
| 23/19-20/29.08.2019 | മണീട് | 1000000 |
| | മുളന്തുരുത്തി | 500000 |
| 25/19-20/27.09.2019 | എടക്കാട്ടുവയൽ | 600000 |
| **ആകെ** | | **2900000** |

മേൽ പരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.5/17.07.2020)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി 8180000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-15 കമ്മ്യൂണിറ്റി ഹാളിൽ ഉപകരണങ്ങൾ വാങ്ങൽ -അപാകത

| | | |
|---|---|---|
| പ്രൊജക്ട് | എസ് 081 / 20, ബ്ലോക്ക് പഞ്ചായത്ത് /ജില്ലാ പഞ്ചായത്ത് നിർമ്മിച്ച പട്ടികജാതി കമ്മ്യൂണിറ്റി ഹാളുകളിൽ ഉപകരണങ്ങൾ വാങ്ങൽ | |
| അടങ്കൽ | 339847 /- (വികസന ഫണ്ട് - എസ് സി പി) | |
| ചെലവ് | 90320 /- | ബിൽ നം. 03 / 19-20, 11.02.20, 37650 /- |
| | | ബിൽ നം. 04 / 19-20, 30.03.20, 40120 /- |

| | | |
|---|---|---|
| | | ബിൽ നം. 05 / 19-20, 30.03.20, 12550 /- |
| നിർവഹണഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | |

ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് നിർമ്മിച്ച എസ് സി കമ്മ്യൂണിറ്റി ഹാളുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് പട്ടികജാതി വികസന ഓഫീസർ ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രൊജക്ടാണിത്. ഈ പ്രൊജക്ട് പ്രകാരം ഒരേ സ്പെസിഫിക്കേഷനിലുള്ള 3 പബ്ലിക് അഡ്രസ്സ് സിസ്റ്റം(PAS)കാക്കനാടിലെ ഓസ്റ്റിൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിലെ അപാകത കാരണം ഒരു ഉപകരണം വാങ്ങുന്നതിന് അധികം വില നൽകേണ്ടി വന്നു. വിശദാംശങ്ങൾ താഴെ പറയുന്നു.

2 PAS വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച തീയതി- 04.12.2019

ഉപകരണങ്ങളുടെ വില –37650 /-( ഇൻവോയ്സ് നം. 78 / 10.01.2020 )

ഒരെണ്ണത്തിന്റെ വില –18825 /-

മറ്റ് ഉപകരണങ്ങളുൾപ്പടെ 1 PAS വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച തീയതി- 03.02.2020

ഉപകരണത്തിന്റെ വില –20620 /-( ഇൻവോയ്സ് നം. 129 / 11.03.2020 )

വില വ്യത്യാസം 1795 /-രൂപ

04.12.2019ന്റെ ക്വട്ടേഷൻ പ്രകാരം വാങ്ങൽ നടത്തിയിരുന്നുവെങ്കിൽ 56,475/-രൂപക്ക് 3 എണ്ണം ലഭിക്കുമായിരുന്നു. അങ്ങനെ ചെയ്യേണ്ടതിനു പകരം 2 തവണയായി ഒരേ ഉപകരണം വാങ്ങുന്നതിന് വെവ്വേറെ ക്വട്ടേഷൻ പരസ്യം നല്കി വാങ്ങൽ നടത്തിയത് കാരണം 58270/-രൂപ ചെലവഴിക്കേണ്ടിവന്നു. 1795/- രൂപയുടെ അധികചെലവ് വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 3/ 17.07.2020) ഹാജരാക്കിയ മറുപടിയിൽ എസ് സി പി ഫണ്ട് ലാപ്സായി പോകാതിരിക്കുവാനും പരമാവധി തുക ചെലവഴിക്കുന്നതിനും വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയതെന്നും തുക മിച്ചം വന്നതിനാലാണ് ബ്ലോക്ക് പ്രസിഡന്റിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാമതൊരു സൗണ്ട് സിസ്റ്റം കൂടി വാങ്ങിയതെന്നും അറിയിച്ചു.

പൊതുസമാഹരണത്തെ നിയന്ത്രിക്കുന്ന അടിസ്ഥാന മാനദണ്ഡങ്ങളായും നടപടിക്രമങ്ങളായും പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ സ്റ്റോഴ്സ് പർച്ചേസ് മാന്വൽ 2013 ( ജി.ഒ(പി)നം.03/2013/എസ്.പി.ഡി,21.06.2013) പുറപ്പെടുവിച്ചിട്ടുള്ളത്. കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്തം എന്നിവ ഉറപ്പാക്കുവാൻ പൊതു ആവശ്യങ്ങൾക്കുള്ള വാങ്ങലുകൾ ഇതിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണം. സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 6.1 പ്രകാരം സ്റ്റോറുകൾ സമാഹരിക്കുമ്പോൾ ഒരു വർഷത്തേക്കുള്ള ആവശ്യകത മുൻകൂട്ടി കാണേണ്ടതും ഓരോ സാമ്പത്തിക വർഷാവസാനവും അടുത്ത സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ സാധനങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതുമാണ്. പട്ടിക തയ്യാറായിക്കഴിഞ്ഞാൽ കെ എഫ് സി വാല്യം II ( അനുബന്ധം8 ) ലെ ഫോറം നം. 13 ൽ കെ എഫ് സി വാല്യം I ലെ ആർട്ടിക്കിൾ 139 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്റ്റോറുകളുടെ വാർഷിക ഇൻഡന്റ് തയ്യാറാക്കേണ്ടതാണ്. തുടർന്ന് സാധനങ്ങളുടെ സ്വഭാവം, അളവ് മൂല്യം എന്നിവ അനുസരിച്ച് വിവിധതരം വാങ്ങൽ രീതികൾ അവലംബിച്ച് സാധനങ്ങൾ വാങ്ങാവുന്നതാണ്.

സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ അനുസരിക്കാതെ വാങ്ങൽ നടത്തിയതുകാരണമാണ് മുകളിൽ പരാമർശിച്ച പദ്ധതിയിൽ അധികചെലവ് ഉണ്ടായത്. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ അടിസ്ഥാനമാക്കുന്നതിന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, എസ് 0136 /19 |
| അടങ്കൽ | 4,00,000 /-(വികസന ഫണ്ട് – എസ് സി പി) |
| ചെലവ് | 1,00,000 /- ബിൽ നം. 2 / 19-20 ; 13.03.2020 ; 1,00,000 /- |
| നിർവഹണഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റ് വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ ഈ പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കളായ രണ്ട് വിദ്യാർത്ഥികൾക്ക് 50,000/-രൂപ വീതം അഡ്വാൻസ് നല്കിയിട്ടുണ്ട്. പിന്നീട് തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല. രണ്ട് ഗുണഭോക്താക്കളും തറയുടെ പണി പൂർത്തീകരിച്ചിട്ടില്ല. ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ്

എൻക്വയറി(നം.11/21.07.2020) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കുന്ന ഓരോ ഘട്ടത്തിലുമാണ് തുക അനുവദിക്കുന്നത് എന്ന് അറിയിച്ചു. പ്രവൃത്തിയുടെ ഓരോ ഘട്ടവും കഴിഞ്ഞതിനുശേഷം പരിശോധിച്ച് ഉറപ്പുവരുത്തി തുടർന്നുള്ള ഗഡുക്കൾ അനുവദിക്കേണ്ടതാണ്. ഒരു ഗുണഭോക്താവിന് പരമാവധി 2 ലക്ഷം അനുവദിക്കാവുന്ന ഈ പ്രൊജക്ടിൽ എൻജിനിയർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് അനുസരിച്ച് തുക ക്ലിപ്തപ്പെടുത്തേണ്ടതും പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-17 ബഡ്സ് സ്കൂളുകളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങിയത്-വിതരണം പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ബഡ്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം,S0071/20 |
| അടങ്കൽ | 400000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് വിവരം | 197400(ബിൽ നം.2/19-20/18.2.20) |
| നിർവ്വഹണ ഉദ്യോഗസ്ഥ | സി.ഡി.പി.ഒ. |

മേൽ പ്രോജക്ട് പ്രകാരം 3 ബഡ്സ് സ്കൂളുകൾക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ നടപടി ക്രമങ്ങളിലൂടെ "FOOT PRINTS" PHYSICAL THERAPY&REHABILITATION AIDS, PUTHIYAKAVU, THRIPPUNITHURA, എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ആ സ്ഥാപനത്തിൽ നിന്ന് 197400/-രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ മണീട് ബഡ്സ് സ്കൂളിൽ സൂക്ഷിച്ച് വെച്ചിരിക്കുകയാണ്. മറ്റ് രണ്ട് ബഡ്സ് സ്കൂളുകൾക്ക് ഇവ നാളിതുവരെയും വിതരണം ചെയ്തിട്ടില്ല. ആയതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.13/21.07.2020)ലഭിച്ച മറുപടിയിൽ മറ്റ് രണ്ട് സ്കൂളുകൾക്ക് വിതരണം ചെയ്യാനുള്ള ഉപകരണങ്ങൾ മണീട് ബഡ്സ് സ്കൂളിൽ സൂക്ഷിച്ച് വെച്ചിരിക്കുകയാണെന്നും,അവയുടെ ചാർജ്ജ് അഡീഷണൽ സി.ഡി.പി.ഒ.യ്ക്ക് കൈമാറിയിരിക്കുകയാണെന്നും ലോക്ക്ഡൗൺ ആയതിനാൽ നിലവിൽ ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്നും അറിയിച്ചു. ലോക്ക്ഡൌൺ പിൻവലിക്കുന്ന മുറയ്ക്ക് എല്ലാ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 ബഡ്സ് സ്കൂളുകളിലേയ്ക്ക് കംപ്യൂട്ടർ, പ്രിന്റർ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 71/20 |
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം. |
| അടങ്കൽ | 400000/-(വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 45253/ബിൽ നം. 1/19-20/18.2.20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | സി.ഡി.പി.ഒ |

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിലേക്ക് കംപ്യൂട്ടർ,പ്രിന്റർ എന്നിവ വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ആയതിന് വേണ്ടി 45253/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഇവ ലഭ്യമാവാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9/21.07.2020) ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് കെൽട്രോണുമായി നിരന്തരം കത്തിടപാടുകൾ നടത്തുന്നുണ്ടെന്നും ലോക്ക്ഡൌൺ കാരണമാണ് ഉപകരണങ്ങൾ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതെന്നും കംപ്യൂട്ടർ, പ്രിന്റർ എന്നിവ നിലവിൽ മുൻഗണന ക്രമത്തിലാണ് നൽകി വരുന്നതെന്നും അറിയിച്ചു. കംപ്യൂട്ടർ, പ്രിന്റർ എന്നിവ ബഡ്സ് സ്കൂളിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് ഭരണാധികാരികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്നതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 സൗരോർജനിലയം - ബാക്കി തുക ജില്ലാപഞ്ചായത്തിലേക്ക് അടവാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | സി.എച്ച്.സി. കളിലെ ശൃംഖല ബന്ധിത സൗരോർജ്ജ |

| | |
|---|---|
| | നിലയം,S0138/20 |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 1500000 |
| ചെലവ് വിവരം | 1)457814/-(ചെക്ക് നം.7732251/20.11.2019-ആൾട്ടർനേറ്റ് എനർജി കോർപ്പറേഷൻ, അങ്കമാലി,ജി.എസ്.ടി 9686/-(ചെക്ക് നം.7732252/20.11.2019)<br>2)772500/-(ചെക്ക് നം.7732253/05.12.2019-ഐഗ ടെക്,കാക്കനാട്,ജി.എസ്.ടി 15000/-(ചെക്ക് നം.7732254/05.12.2019)<br>ആകെ ചെലവ് തുക-1255000 |

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കീച്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലും,മുളന്തുരുത്തി സാമൂഹികാരോഗ്യ കേന്ദ്രത്തിലും സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് വേണ്ടി ജില്ലാപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. ആയതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 1500000/-രൂപ ലഭിക്കുകയും ചെയ്തു. ടെണ്ടർ ചെയ്തതിൽ കുറവ് തുക ക്വാട്ട് ചെയ്ത ആൾട്ടർനേറ്റ് എനർജി കോർപ്പറേഷൻ, അങ്കമാലി എന്ന സ്ഥാപനത്തിൽ നിന്നും കീച്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് 10 കിലോ വാട്ട് ശേഷിയുള്ള സോളാർ പാനലും, ഐഗ ടെക്,കാക്കനാട് എന്ന സ്ഥാപനത്തിൽ നിന്നും മുളന്തുരുത്തി സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് 15 കിലോ വാട്ട് ശേഷിയുള്ള സോളാർ പാനലും വാങ്ങിയിട്ടുണ്ട്. ആകെ ചെലവ് തുകയായ 1255000/-രൂപ കിഴിച്ച് ബാക്കിയുള്ള 245000/-രൂപ(1500000-1255000) നാളിതു വരെയും ജില്ലാ പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങൾക്ക് കേരള ഗവൺമെന്റിന്റെ അംഗീകൃത ഏജൻസിയായ അനർട്ടിന്റെ അംഗീകാരം ഉണ്ടെങ്കിലും എം.എൻ.ആർ.ഇ./അനർട്ടിൽ നിന്നും 30% ഡിസ്കൗണ്ട് നേടിയെടുത്തതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

സോളാർ പാനൽ സ്ഥാപിച്ചിട്ടുള്ളത് ഓൺഗ്രിഡ് ആയിട്ടാണ്. ആയത് പ്രകാരം സ്റ്റോർ ചെയ്തു വെയ്ക്കുന്ന സോളാർ വൈദ്യുതി കെ.എസ്.ഇ.ബി യ്ക്ക് വിൽക്കുവാൻ സാധിക്കുന്നുവെങ്കിൽ ആയതിന്റെ വിവരവും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ചിട്ട് വൈദ്യുത ബില്ലിൽ കുറവുവന്നതിന്റെ വിവരവും രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.6/18.07.2020) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കാനുള്ള തുക എത്രയും വേഗം തിരിച്ചടക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും, എം.എൻ.ആർ.ഇ./ അനർട്ടിൽ നിന്നും 30% ഡിസ്കൗണ്ട് നേടിയെടുത്തതിന്റെ വിവരം, സോളാർ പാനൽ സ്ഥാപിച്ചിട്ട് വൈദ്യുത ബില്ലിൽ കുറവുവന്നതിന്റെ വിവരം എന്നിവ ഹോസ്പിറ്റലിൽ ആരാഞ്ഞതിനു ശേഷം മറുപടി നൽകുന്നതാണെന്നും അറിയിച്ചു. ജില്ലാ പഞ്ചായത്തിലേക്ക് അടയ്ക്കാനുള്ള തുക എത്രയും വേഗം അടയ്ക്കേണ്ടതും, മറ്റ് അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 കേന്ദ്രഫണ്ടിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല

ഓഡിറ്റ് വർഷം മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണത്തിനായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിയമിച്ചിരുന്ന അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അക്രഡിറ്റഡ് എൻജിനിയർ എന്നിവർക്ക് വേതനം, ഫെസ്റ്റിവൽ അലവൻസ്, യാത്രാബത്ത മുതലായവ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും താഴെ പറയും പ്രകാരം നല്കിയിട്ടുണ്ട്.

| ക്രമ നം. | തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|
| 1 | 18500/- (03 / 19 ലെ വേതനം) | 5041151/ 02.04.19 |
| 2 | 18500/- (04 / 19 ലെ വേതനം) | 5041162/ 02.05.19 |
| 3 | 18500/- (05 / 19 ലെ വേതനം) | 5041183/ 04.06.19 |
| 4 | 18500/- (06 / 19 ലെ വേതനം) | 5041193/ 04.07.19 |
| 5 | 51655/- (07 / 19 ലെ വേതനവും 06 / 19 വരെയുള്ള കുടിശികയും) | 5041507/ 01.08.19 |
| 6 | 46545/- (08 / 19 ലെ വേതനം) | 5041526/ 05.09.19 |
| 7 | 5500/- (ഫെസ്റ്റിവൽ അലവൻസ്) | 5041533/ 24.09.19 |

| | | |
|---|---|---|
| 8 | 8000/- (യാത്രാബത്ത) | 5041534/ 27.09.19 |
| 9 | 46545/- (09 / 19 ലെ വേതനം) | 5041539/ 04.10.19 |
| 10 | 46545/- (10 /19 ലെ വേതനം) | 5041565/ 01.11.19 |
| 11 | 46545/- (11 / 19ലെ വേതനം) | 5041583/ 03.12.19 |
| 12 | 46545/- (12 / 19ലെ വേതനം) | 5041599/ 03.01.20 |
| 13 | 46545/- (01 / 20 ലെ വേതനം) | 5020825/ 01.02.20 |
| 14 | 1500/- (യാത്രാബത്ത) | 5020837/ 17.02.20 |
| 15 | 46545/- (02 / 20ലെ വേതനം) | 5020849/ 02.03.20 |
| **ആകെ** | **466470/-** | |

ടി തുക കേന്ദ്ര ഫണ്ടിൽ നിന്നും ജനറൽ പർപ്പസ് ഗ്രാന്റിൽ തിരികെ ഒടുക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/16.07.2020) ഹാജരാക്കിയ മറുപടിയിൽ ജീവനക്കാരുടെ 07/2019 വരെയുള്ള ശമ്പളവും 06/2019 വരെയുള്ള കുടിശികയും യാത്രാബത്തയിനത്തിൽ ചെലവഴിച്ച 7500/-രൂപയും NREGS അക്കൗണ്ടിൽ നിന്നും തിരികെ ലഭിച്ചതായി അറിയിച്ചു (ആകെ റീക്ലപ്പ് ചെയ്തത് 1,33,155/-). ഡാറ്റാ എൻട്രി ഓപ്പറേറ്റർ അക്രഡിറ്റഡ് എൻജിനിയർ എന്നിവരുടെ 08/2019 മുതലുള്ള വേതനം, ഫെസ്റ്റിവൽ അലവൻസ്, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുകയായ 3,33,315/-രൂപ കേന്ദ്രഫണ്ടിൽ നിന്നും തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ഐ.എ.വൈ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക - തുടർനടപടികൾ സ്വീകരിക്കണം

ഐ.എ.വൈ പദ്ധതി 2015-16 വർഷം അവസാനിച്ചതിനെ തുടർന്ന് പി.എം.എ.വൈ പദ്ധതി ആരംഭിക്കുകയും, പി.എം.എ.വൈ വിഹിതം നിലവിലുണ്ടായിരുന്ന ഐ.എ.വൈ അക്കൌണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. സ്ഥാപനം ഹാജരാക്കിയ രേഖകൾ പ്രകാരം 31.03.2019 ൽ 10522620/-രൂപ ഈ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്നു. അന്ന് നൽകാനുണ്ടായിരുന്ന പി.എം.എ.വൈ ആനുകൂല്യം 350000/-രൂപയാണ്. എന്നാൽ ഗ്രാമ വികസന കമ്മീഷണറുടെ 10.12.2019 ലെ നം.4937/ ഐ.എ4/2019/സി.ആർ.ഡി ഉത്തരവ് പ്രകാരം വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽ കെട്ടിക്കിടക്കുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ചടവാക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകൾ ഐ.എ.വൈ, ഇ.എം.എസ്. പോലുള്ള ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് വായ്പകൾ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുണ്ടെങ്കിൽ മുതലും, പലിശയും തിരിച്ചടക്കുന്നതിനായി ഐ.എ.വൈ,ഇ.എം.എസ് അക്കൌണ്ടുകളിൽ പലിശയിനത്തിൽനീക്കിയിരിപ്പുള്ള തുക ഉപയോഗിക്കാവുന്നതാണ് എന്ന് നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് 2019-20 സാമ്പത്തിക വർഷം, ഐ.എ.വൈ വായ്പ എടുത്ത എറണാകുളം ജില്ലാ സഹകരണ ബാങ്കിലേക്ക് 2002000/-രൂപയും,6894700/-രൂപ സർക്കാരിലേക്കും തിരിച്ചടക്കുകയുണ്ടായി. നിലവിൽ യു.ബി.ഐ മുളന്തുരുത്തി ശാഖയുടെ 550602010001526 എന്ന അക്കൌണ്ടിൽ 216451/-രൂപ ഓഡിറ്റ് സമയത്തും(7/2020) ഈ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പദ്ധതി വിഹിതമായി ലഭിച്ച തുകയും സംസ്ഥാന സർക്കാർ വിഹിതവും ഉൾപ്പെടുന്ന തുകയാണിത്. അതിനാൽ ഈ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാർ അനുമതി വാങ്ങിക്കൊണ്ട് അനുബന്ധ പദ്ധതികൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി(നം.17/22.07.2020) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയായ 216451/-രൂപ സർക്കാർ അനുമതി വാങ്ങിക്കൊണ്ട് അനുബന്ധ പദ്ധതികൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റ് വേളയിൽ തന്നെയാണ് സർട്ടിഫിക്കേഷനുവേണ്ടി കണക്കുകൾ പരിശോധിച്ചത്. | ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1500000 | സി.എച്ച്.സി.കളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കൽ | 1255000 | 245000 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവന നിർമ്മാണം | ജില്ലാ സഹകരണ ബാങ്ക് /014/ 08313/ LN/794/ 643/ 26.4.2013 | 3300000 | 578000 | 578000 | 1487500 | 0 |

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-15 | 2010-11 | 5.3.7(1) | സ്വന്തമല്ലാത്ത സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-പദ്ധതിപ്പണം പാഴായി. | W(Pc)31034/14 നമ്പറായി ഹൈക്കോടതിയിൽ കേസ് നിലനില്ക്കുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 41417224 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 57350850 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12368649 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 4188649 | ശ്രീ.ഗൗതമൻ.റ്റി.സത്യപാൽ, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 1-14 | 8180000 | ശ്രീ.ഗൗതമൻ.റ്റി.സത്യപാൽ, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 12368649 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ.ഗൗതമൻ.റ്റി.സത്യപാൽ, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | നം.17/27, തച്ചാരുപറമ്പിൽ, തൃപ്പൂണിത്തുറ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 1998-99 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 1999-2000 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2000-01 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2001-02 | കെ.എസ്.എ-ഇ.കെ.എം (ബിപി) 382/18 തീ. 9.4.2018 |
| 2002-03 | കെ.എസ്.എ-ഇ.കെ.എം (ബിപി) 382/18 തീ. 9.4.2018 |
| 2003-04 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 1991/14/ 23.1.2015 |
| 2011-12 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.2) 266/15/ തീ.16.5.2015 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2014-15 & 2015-16 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2016-17 | കെ.എസ്.എ ഇ.കെ.എം.(ബി.പി)2338/18/തീ. 07.06.2019 |
| 2017-18 | കെ.എസ്.എ ഇ.കെ.എം.(ബി.പി)341/2019/തീ. 16.7.2019 |
| 2018-19 | കെ.എസ്.എ ഇ.കെ.എം.(ബി.പി)1547/2019/ തീ. 07.09.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം.1

# ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(ബി.പി)/908/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
ഫോൺ. 0484-2422271
തീയതി- 16.09.2020

## സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2019-2020 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ജോയിന്റ് ഡയറക്ടർ

**2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ**

1. റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP-34 ൽ Deposits Received എന്ന ഹെഡ്ഡിലെ തുകകൾ ബ്ലോക്ക് പഞ്ചായത്തിലെ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. പണമായി ലഭിച്ചിട്ടുള്ള തുക മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 ചേർത്തിട്ടുള്ള ഈയിനത്തിലെ ബാധ്യതയും പണമായി ലഭിച്ച നിക്ഷേപത്തിന്റേത് മാത്രമാണ്.
2. അഡ്വാൻസ്, ഡെപ്പോസിറ്റ്, വായ്പ രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കുന്നില്ല.
3. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
4. ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂളിൽ, രജിസ്റ്ററുകൾ പ്രകാരം 14500/-രൂപയുടെ നിലവിലില്ലാത്ത ബാദ്ധ്യത തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ ടി ഷെഡ്യൂളുകളിൽ 67070/-രൂപ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.
5. ഇ-ടെണ്ടർ ഫോമിന്റെ വില കൃത്യമായി ഡിമാന്റ് ചെയ്യപ്പെടാത്തതിനാൽ ടി ഇനത്തിൽ ഇനിയും കിട്ടേണ്ടുന്ന തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി കാണുന്നില്ല.
6. കെട്ടിട വാടക (current, arrears) ഡിമാന്റ്(B15 2018-19, I-3), 2019-20 ലെ കളക്ഷൻ (RP43), ബാലൻസ് (B15) തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വാർഷിക ധനകാര്യപത്രിക പ്രകാരം (2019-20) | | രജിസ്റ്റർ പ്രകാരം | |
|---|---|---|---|---|
| | Arrears | Current | Arrears | Current |
| ഡിമാന്റ് | 176543 | 787386 | 0 | 756961 |
| കളക്ഷൻ | 298498 | 235467 | 390068 | 241358 |
| ബാലൻസ് | 80921 | 551919 | 0 | 515603 |

7. B-11 ഷെഡ്യൂളിലെ Other construction (410300399), Movabld assets – Furnitures, Fittings & Electrical Appliances എന്നീ ആസ്തികളുടെ ബാലൻസ് മുൻവർഷ ബാക്കിയും (B-11, 2018-19), 2019-20 ലെ addition (RP-43) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
8. ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയ്ക്കായി എറണാകുളം ജില്ലാ സഹകരണബാങ്കിന്റെ മുളന്തുരുത്തി ശാഖയിൽ

014/08313/LN/794 -ാം നമ്പർ ലോൺ അക്കൗണ്ടിലേക്കുള്ള ഓഡിറ്റ് വർഷത്തെ തിരിച്ചടവ് വിവരമാണ് ചുവടെ ചേർത്തിട്ടുള്ളത്. ഇതിൽ പലിശയിനത്തിൽ അടവാക്കിയ 1487500/-രൂപ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| വായ്പ തുക | 3300000 |
| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 578000 |
| തൻവർഷം തിരിച്ചടച്ച തുക | |
| മുതൽ | 514500 |
| പലിശ | 1487500 |

.

**ജോയിന്റ് ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഫീസ്, എറണാകുളം

.

**CERTIFICATE**

Certified that I have examined the Annual Financial Statement of **Mulamthuruthy Block Panchayat** in Ernakulam District for the year ended on 31.03.2020 in accordance with Section ' 4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Mulamthuruthy Block Panchayat** for the year 2019-20 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

.

**JOINT DIRECTOR**

**Abstract of Discrepancies**

1) The amount shown in RP Schedule-34 under the head – 'Deposits Received', do not agree with Block Panchayat Records.
2) Advance – Deposit – Loan Registers are not updated and maintained properly.
3) Assets including land are not completely accounted and entered in Asset Register, and the same is not reconciled with the AFS.
4) Amount of ₹14500/- shown as liability in B9 schedule, not compiled with Registers. Details Rs.67070/- marked as liability not furnished.
5) Price of E-tender form is not demanded and included in AFS.
6) The Demand-Collection-Balance of Building Rent shown in the Register does not agree with AFS. Details are given below.

.

| | AFS 2019-20 | | Register | |
|---|---|---|---|---|
| | Arrear | Current | Arrear | Current |
| Demand | 176543 | 787386 | 0 | 756961 |
| Collection | 298498 | 235467 | 390068 | 241358 |
| Balance | 80921 | 551919 | 0 | 515603 |

7) The Closing Balance of Assets shown in B11 schedule (other Constructions, Moveable Assets – Furniture and Fittings) do not reconcile with 2019-20 Opening Balance and Additions (RP 43, 2019-20)

8) An amount of Rs.1487500/- is remitted to the loan account of IAY Housing Scheme in Ernakulam District Co-op Bank A/c No.014/08313/LN/794, towards interest. But the transaction is not included in the AFS. Details are given below.

| | |
|---|---|
| Loan Amount | 33,00,000 |
| Amount pending as on 01.04.2019 | 5,78,000 |
| Amount paid in the Financial Year<br>Principal<br>Interest | <br>5,14,500<br>14,87,500 |

.

JOINT DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT OFFICE, ERNAKULAM